ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 06.10.2026 പ്രധാന വാർത്തകൾ TIME : 12.50 PM

1.) രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിന് തുടക്കമായി. ബിലാസ്പൂർ എയിംസ് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു.

**President Droupadi Murmu's three-day visit to Himachal Pradesh has begun. The President attended the convocation ceremony at AIIMS Bilaspur.**

2) ഇന്ത്യൻ നാവികസേനയ്ക്കായി ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡ് നിർമിക്കുന്ന ആദ്യ ഫ്ലീറ്റ് സപ്പോർട്ട് കപ്പൽ നീറ്റിലിറക്കി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്.

**Defence Minister Rajnath Singh launched the first Fleet Support Ship built by Hindustan Shipyard Limited for the Indian Navy.**

3) പശ്ചിമേഷ്യൻ പ്രതിസന്ധിയെ തുടർന്നുള്ള വിമാന ഇന്ധനവില വർദ്ധന ആശങ്ക സൃഷ്ടിക്കുന്നതായി കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു.

**The rise in aviation turbine fuel prices following the West Asia crisis is a cause for concern, said Union Civil Aviation Minister Ram Mohan Naidu.**

4) ദേശീയ ടെലിമെഡിസിൻ സേവനമായ ഇ-സഞ്ജീവനിയിലൂടെ 50 കോടി ടെലി കൺസൾട്ടേഷനുകൾ ഇതിനകം നടന്നതായി കേന്ദ്രസർക്കാർ.

**The Union Government has said that 50 crore teleconsultations have already been conducted through the national telemedicine service, e-Sanjeevani.**

5) പൊതു ഇടങ്ങളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് കേരളത്തിൽ ഇന്ന് തുടക്കമാവും.

**A scheme to install sanitary napkin vending machines in public places will be launched in Kerala today.**

6)ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.

**The first match of the India–West Indies T20 cricket series will be played today.**

❁❁❁❁❁❁❁❁❁❁❁❁❁

# HEADLINES-1

**PRESIDENT**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനം ആരംഭിച്ചു. ബിലാസ്പൂരിലെ എയിംസിൻറെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. വിദ്യാർത്ഥികൾ വരും തലമുറയ്ക്ക് വഴികാട്ടിയാകണമെന്ന് ശ്രീമതി മുർമു ചടങ്ങിൽ ആഹ്വാനം ചെയ്തു. ഗ്രാമീണ മേഖലകളിൽ സേവനം അനുഷ്ഠിച്ചുകൊണ്ട് പൊതുജനാരോഗ്യ രംഗത്ത് വലിയ സ്വാധീനം ചെലുത്തണമെന്നും യുവ ഡോക്ടർമാരോട് രാഷ്ട്രപതി പറഞ്ഞു. റോഹ്താംഗിലെ അടൽ ടണൽ രാഷ്ട്രപതി നാളെ സന്ദർശിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

# HEADLINES-2

**RAJNATH (INTRO)..**

*ഇന്ത്യൻ നാവികസേനയ്ക്കായി ഹിന്ദുസ്ഥാൻ ഷിപ്‌യാർഡ് ലിമിറ്റഡിൽ നിർമിക്കുന്ന ആദ്യ ഫ്ലീറ്റ് സപ്പോർട്ട് കപ്പൽ നീറ്റിലിറക്കി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. ഇന്ത്യൻ നാവിക ശേഷിയുടെ കാവൽക്കാരാണ് ഹിന്ദുസ്ഥാൻ ഷിപ്‌യാർഡ് ലിമിറ്റഡെന്ന് വിശാഖപട്ടണത്ത് നടന്ന ചടങ്ങിൽ അദ്ദേഹം പറഞ്ഞു.*

-

*(വോയ്സ്.....ഹോൾഡ്)*

*അഞ്ച് ഫ്ലീറ്റ് സപ്പോർട്ട് ഷിപ്പുകളാണ് നാവികസേനയ്ക്കായി ഇവിടെ നിർമ്മിക്കുന്നത്. അഞ്ചാമത്തെ കപ്പലിൻറെ കീൽ ഇടീൽ ചടങ്ങും, സ്ലിപ് വേ-4, 300 ടൺ ഗോലിയാത്ത് ക്രെയിൻ എന്നിവയുടെ ഉദ്ഘാടനവും രാജ്യരക്ഷാമന്ത്രി നിർവഹിച്ചു.*

❁❁❁❁❁❁❁❁❁❁❁❁❁

## Piyush Goyal

ഇന്ത്യയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അമേരിക്കൻ വ്യവസായ പ്രമുഖരുമായി ന്യൂയോർക്കിൽ ചർച്ച നടത്തി കേന്ദ്ര വാണിജ്യമന്ത്രി പീയുഷ് ഗോയൽ. ബ്ലാക്ക്സ്റ്റോൺ സി.ഒ.ഒ ജൊനാഥൻ ഗ്രേ, ന്യൂബെർഗർ ബെർമൻ സിഇഒ ജോർജ് വാക്കർ തുടങ്ങിയവരുമായാണ് അദ്ദേഹം ചർച്ച നടത്തിയത്. ദീർഘകാല മൂല്യം ലക്ഷ്യമിട്ടുള്ള നിക്ഷേപങ്ങൾക്ക് അനുയോജ്യമായ സാഹചര്യമാണ് ഇന്ത്യയിലുള്ളതെന്നും ശ്രീ പീയുഷ് ഗോയൽ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR – THREE NATION VISIT

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ അഞ്ച് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനം ആരംഭിച്ചു . ഘാന, ഐവറി കോസ്റ്റ്, എത്യോപ്യ എന്നീ ആഫ്രിക്കൻ രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത് . ഈ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും ഉന്നത നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.അഡിസ് അബാബയിൽ വെച്ച് നടക്കുന്ന റീജിയണൽ ഹെഡ്സ് ഓഫ് മിഷൻ സമ്മേളനത്തിനും ശ്രീ ജയശങ്കർ അധ്യക്ഷത വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

# HEADLINES-3

## NAIDU ATF PRICES

പശ്ചിമേഷ്യൻ പ്രതിസന്ധിയെ തുടർന്നുള്ള വിമാന ഇന്ധനവില വർദ്ധന ആശങ്ക സൃഷ്ടിക്കുന്നതായി കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു . ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ വിമാനക്കമ്പനികളുമായും എണ്ണ വിപണന കമ്പനികളുമായും ചർച്ച നടത്തിവരികയാണെന്നും അദ്ദേഹം പറഞ്ഞു . വിമാന ടിക്കറ്റ് വില വർദ്ധന തടയാനായി മന്ത്രാലയം നടപടികൾ കൈക്കൊള്ളുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## PM 25 YEARS-VIZHINJAM (intro)

***2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രാജ്യത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും ശ്രദ്ധേയമാകുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ 20 മീറ്ററോളം വരുന്ന സ്വാഭാവിക ആഴം, ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾക്ക് ഇവിടെ നേരിട്ട് എത്തിച്ചേരാൻ സൗകര്യമൊരുക്കുന്നു. 2025 മെയ് മാസത്തിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി തുറമുഖം രാജ്യത്തിന് സമർപ്പിച്ചത്***

***ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

☸☸☸☸☸☸☸☸☸☸☸☸☸

**OPPOSITION-PROTEST**

SIR നടപടി ക്രമങ്ങളിലെ ക്രമക്കേടുകളെച്ചൊല്ലിയും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടും പ്രതിപക്ഷ പാർട്ടികൾ ഇന്ന് പാർലമെൻറ് ഹൗസിൽ നിന്ന്, തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനമായ 'നിർവാചൻ സദനി'ലേക്ക് പ്രതിഷേധ മാർച്ച് നടത്തി. ആകാശവാണി ഭവന് മുന്നിൽ വച്ച് സുരക്ഷാ ഉദ്യോഗസ്ഥർ മാർച്ച് തടഞ്ഞു. തുടർന്ന്, കോൺഗ്രസ് നേതാക്കളായ മല്ലികാർജുൻ ഖർഗെ, രാഹുൽ ഗാന്ധി തുടങ്ങിയ നേതാക്കളും, മറ്റ് പ്രതിപക്ഷ എംപിമാരും പാർലമെന്റ് സ്ട്രീറ്റിൽ കുത്തിയിരിപ്പ് സമരം നടത്തി. പ്രതിഷേധം ഇപ്പോഴും തുടരുകയാണ്.

☸☸☸☸☸☸☸☸☸☸☸☸☸

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINES-4

**ESANJEEVANI MILESTONE**

രാജ്യത്തിന്റെ ദേശീയ ടെലിമെഡിസിൻ സേവനമായ ഇ-സഞ്ജീവനിയിലൂടെ 50 കോടി ടെലി കൺസൽട്ടേഷനുകൾ ഇതിനകം നടന്നതായി കേന്ദ്രസർക്കാർ. ലോകത്തിലെ തന്നെ ഏറ്റവും വലിയ ടെലിമെഡിസിൻ സംവിധാനമാണ് ഇ സഞ്ജീവനി. വിദൂര മേഖലകളിലെ സാധാരണക്കാർക്ക് യാത്രാക്ലേശങ്ങൾ ഇല്ലാതെ വിദഗ്ദ്ധ വൈദ്യസഹായം ലഭ്യമാക്കാൻ ഈ സംവിധാനം സഹായിക്കുന്നതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

**.BY ELECTION**

തമിഴ്നാട്, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും അസമിലെ ഒരു ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു . തമിഴ്നാട്ടിലെ മധുരാന്തകം, ധാരാപുരം, പുതുച്ചേരിയിലെ തട്ടഞ്ചാവടി, പശ്ചിമ ബംഗാളിലെ റെജിനഗർ, നന്ദിഗ്രാം എന്നിവിടങ്ങളിലും അസമിലെ നാഗോൺ ലോക്സഭാ മണ്ഡലത്തിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ.

☸☸☸☸☸☸☸☸☸☸☸☸☸

**BJP CANDIDATES**

ഉത്തർപ്രദേശ് രാജ്യസഭാ തിരഞ്ഞെടുപ്പിലേക്ക് എട്ടു സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ബിജെപി. ഉത്തർപ്രദേശിലെ പത്ത് സീറ്റുകളിലേക്കും, ഉത്തരാഖണ്ഡിലെ ഒരു സീറ്റിലേക്കുമുള്ള രാജ്യസഭ തിരഞ്ഞെടുപ്പും, പശ്ചിമബംഗാൾ ഉപതിരഞ്ഞെടുപ്പും ഈ മാസം 16 നാണ്. പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINES-5

**WOMEN ON THE MOVE(INTRO)**

*സംസ്ഥാനത്ത് പൊതു ഇടങ്ങളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും. ആദ്യ ഘട്ടത്തിൽ 14 കെ എസ് ആർ ടി സി ടെർമിനലുകളിൽ ആണ് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്നത്.*

*വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......*

*(വോയിസ്)*

## HEADLINES-6

**IND-WEST INDIES T20**

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ലക്നൗവിലാണ് രാത്രി 7 ന് കളി ആരംഭിക്കും. വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന പരമ്പരയിലെ വിജയം ടി-20 യിലും ആവർത്തിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

**NIGERIA- PLANE CRASH**

നൈജീരിയൻ സൈനിക വിമാനം തകർന്നുണ്ടായ അപകടത്തിൽ മരണം 32 ആയി. 25 യാത്രക്കാരും ഏഴു വിമാനജീവനക്കാരുമാണ് മരിച്ചത്. ബെനിൻ നഗരത്തിൽ നിന്നും ലെയ്ഗോസിലേക്ക് പോയ വിമാനമാണ് അപകടത്തിൽപ്പെട്ടത്. വിമാനത്തിലുണ്ടായിരുന്ന ആരും തന്നെ രക്ഷപ്പെട്ടിട്ടില്ലെന്നും, അപകടത്തിൽ വ്യോമസേന സമഗ്ര അന്വേഷണം നടത്തുമെന്നും നൈജീരിയൻ പ്രസിഡന്റ് ബോല ടിനുബു അറിയിച്ചു.

**INDIAN EMBASSY - ROMANIA**

കരിങ്കടലിലെ വാണിജ്യ കപ്പലിന് നേരെ ഉണ്ടായ ആക്രമണത്തിൽ രണ്ട് വിദേശ പൗരന്മാർ കൊല്ലപ്പെട്ടു. കപ്പലിലെ മൂന്ന് ഇന്ത്യൻ ജീവനക്കാരും

സുരക്ഷിതരാണെന്ന് റൊമാനിയയിലെ ഇന്ത്യൻ എംബസി വ്യക്തമാക്കി. പരിക്കേറ്റ ഒരു ഇന്ത്യൻ പൗരൻ നിലവിൽ ചികിത്സയിലാണെന്നും അധികൃതർ അറിയിച്ചു.

**SPAIN - EARLY ELECTION.**

സ്പാനിഷ് പ്രധാനമന്ത്രി പെദ്രോ സാഞ്ചസ് രാജ്യത്ത് ഇടക്കാല തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട രണ്ട് ഓർഡിനൻസുകൾ പാർലമെന്റിൽ പരാജയപ്പെട്ടതിനെത്തുടർന്നാണ് നവംബർ 29-ന് പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്

**RAIN**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരങ്ങളിൽ ഇന്ന് വൈകുന്നേരം 5.30 മുതൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**SENSEX- GOLD**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം ആരംഭിച്ചു. സെൻസെക്സ് 561 പോയിന്റ് ഉയർന്നും, നിഫ്റ്റി 158 പോയിന്റ് നേട്ടത്തിലും വ്യാപാരം തുടരുകയാണ്.

സ്വർണവില കുറഞ്ഞു . പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി ഒൻപതിനായിരത്തി 280 രൂപയും ഗ്രാമിന് 13,660 രൂപയുമാണ് ഇന്നത്തെ വില.

**FOOTBALL - INDIA URUGUAY**

കൊൽക്കത്തയിൽ നടക്കുന്ന ഫിഫ അന്താരാഷ്ട്ര സൗഹൃദ ഫുട്ബോൾ മത്സരത്തിൽ ഇന്ത്യ ഇന്ന് യുറുഗ്വേയെ നേരിടും. ടൂർണമെന്റിലെ അവസാന സൗഹൃദ മത്സരത്തിൽ രണ്ട് തവണ ലോക ചാമ്പ്യൻമാരായ യുറുഗ്വേയ്ക്കെതിരെ ശക്തമായ പ്രകടനം പുറത്തെടുക്കാനാണ് ഇന്ത്യൻ ടീം ലക്ഷ്യമിടുന്നത്. ആദ്യ മത്സരത്തിൽ പനാമയോട് 1-1ന് സമനില വഴങ്ങിയ ഇന്ത്യ, ശനിയാഴ്ച നടന്ന രണ്ടാം മത്സരത്തിൽ ബ്രസീലിനോട് പരാജയപ്പെട്ടിരുന്നു.